സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ്
ഗാന്ധിനഗർ പി.ഓ , കോട്ടയം 686008 , ഫോൺ : 0481 2595478

നമ്പർ 4890 / 2022 /CPAS HO തീയതി: 07.11 .2022

## ക്വട്ടേഷൻ നോട്ടീസ്

കോട്ടയം ഗാന്ധിനഗറിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് മുഖ്യ കാര്യാലയത്തിന്റെ ഔദ്യോഗിക ആവശ്യത്തിലേക്ക് 25.11 .2022 മുതൽ ഒരു വർഷ കാലത്തേക്ക് പ്രതിമാസ വാടകക്ക് A/C കാർ ( Toyota Innova / Xylo / Sedan type) നൽകുവാൻ താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 2017 അല്ലെങ്കിൽ അതിനുശേഷമോ മോഡലുള്ള ടാക്സി പെർമിറ്റ് വാഹനവും അംഗീകൃത ലൈസൻസും , നല്ല ഡ്രൈവിംഗ് പരിചയവുമുള്ള ഡ്രൈവറെയും ലഭ്യമാക്കേണ്ടതാണ് .

ക്വട്ടേഷനുകൾ ഡയറക്ടർ, സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് , ഗാന്ധിനഗർ പി.ഓ , കോട്ടയം, 686008 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി : 18 / 11/ 2022 , 2 pm**

**ക്വട്ടേഷൻ തുറക്കുന്ന സമയം : 18 / 11/ 2022 , 2 .30 pm**

വ്യവസ്ഥകൾ

1 ഒരു മാസം 2000 കി .മീ ദൂരം വാഹനം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. 2000 കിലോമീറ്ററിന് ശേഷമുള്ള ഓരോ കിലോമീറ്റർ ദൂരം ഓടുന്നതിനുള്ള നിരക്ക് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാണ്

2 ഇന്ധനച്ചെലവ് , വാഹനത്തിന്റെ അറ്റ കുറ്റ പണികൾ , ഡ്രൈവറുടെ ശമ്പളം , ബാറ്റ , വാഹനത്തിന്റെ ടാക്സ് , ഇൻഷ്വറൻസ് , മറ്റ് അനുബന്ധച്ചെലവുകൾ എന്നിവ കരാറുകാരൻ വഹിക്കേണ്ടതാണ് . ഇവയെല്ലാം ഉൾപ്പെടുത്തിയുള്ള തുകയായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത് .

3 വാഹനത്തിന്റെ പെർമിറ്റ് , ടാക്സ് , ഇൻഷ്വറൻസ് മുതലായ രേഖകളുടെ പകർപ്പുകൾ ക്വട്ടേഷനൊപ്പം സമർപ്പിക്കണ്ടതാണ് . ക്വട്ടേഷൻ അംഗീകരിച്ച് കഴിഞ്ഞാൽ ഈ രേഖകളുടെ അസ്സൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് .

4 വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും 5 വർഷത്തിൽ താഴെ പഴക്കമുള്ളതുമായിരിക്കണം

5 ആഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസ കാലയളവിൽ നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ആഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും

6 കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള PAN ഉണ്ടായിരിക്കേണ്ടതാണ് .

7 അടിയന്തിര സാഹചര്യം മൂലം കരാർ പ്രകാരമുള്ള വാഹനം നൽകുവാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്

8 അവധി ദിവസങ്ങൾ ഉൾപ്പടെ ഏത് ദിവസവും ആഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്

9 കരാറിൽ പറയുന്ന നിശ്ചിത തുകയല്ലാതെ കരാർ കാലയളവിൽ ഉണ്ടാകുന്ന ഇന്ധന വില വർദ്ധനവ് , സ്പെയർ പാർട് സ് വില വർദ്ധനവ്, മറ്റു കാരണങ്ങൾ തുടങ്ങിയവ മൂലം കരാർ തുക വർധിപ്പിക്കണമെന്ന ആവശ്യങ്ങൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

10 വാഹനത്തിന്റെ ലോഗ് ബുക്ക് ആഫീസ് മേധാവിയുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച

Draft #45 of File 4890/2019/CPAS HO Approved by DIRECTOR on 14-Nov-2022 11:55 AM - Page 1

വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ ദിവസത്തേയും യാത്രയുടെ ആരംഭത്തിലും അവസാനത്തിലും ലോഗ് ബുക്ക് ഡയറക്ടറെ കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ് .

11 താത് കാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ, ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിൽ 200 /- രൂപ മുദ്ര പത്രത്തിൽ അന്തിമ കരാർ സമർപ്പിക്കേണ്ടതാണ്

12 ഡയറക്ടറുടെ വസതിയിൽ നിന്നോ ഓഫീസിൽ നിന്നോ യാത്ര തുടങ്ങുന്നതും , അവസാനിക്കുന്നതുമായ കിലോമീറ്ററായിരിക്കും കണക്കാക്കുന്നത് . അതായത് ഉടമസ്ഥന്റെ വസതിയിൽ നിന്നും ആഫീസിലേക്കോ , ഡയറക്ടറുടെ വസതിയിലേക്കോ തിരിച്ചോ ഉള്ള ദൂരം കണക്കാക്കുന്നതല്ല.

13. 1968 ലെ മോട്ടോർ വാഹന നിയമം മൂലമോ, IPC മുഖേനയോ ഡ്രൈവറുടെയോ വാഹനഉടമയുടെയോ അശ്രദ്ധയോ അലംഭാവമോ മൂലമോ കോൺട്രാക്ട് കാലയളവിൽ വാഹനം മുഖാന്തിരം സംഭവിക്കുന്ന ബാധ്യതകൾക്ക് CPAS ഉത്തരവാദി ആയിരിക്കുന്നതല്ല. അത്തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ സംബന്ധിച്ച ചെലവ് യാതൊരു കാരണവശാലും CPAS അംഗീകരിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നതല്ല

14 . വാഹനം വൃത്തിയായും വെടിപ്പായും പരിപാലിച്ചു വേണം യാത്രക്കായി CPAS ഓഫീസിൽ എത്തിക്കുവാൻ. ഓഫീസ് മാന്യതക്ക് യോജിച്ച രീതിയിലുള്ള പെരുമാറ്റവും വസ്ത്രധാരണ രീതിയും ഡ്രൈവർ പിന്തുടരേണ്ടതും ക്രിമിനൽ പശ്ചാത്തലം ഇല്ലാത്ത ആളുമായിരിക്കണം.

15. പ്രത്യേക കാരണം സൂചിപ്പിക്കാതെ ഏത് ക്വട്ടേഷനും സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള അധികാരം CPAS ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും

16 . ക്വട്ടേഷനുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ കോട്ടയം ഗാന്ധിനഗർ മെഡിക്കൽ കോളേജ് ബസ് സ്റ്റാൻഡിന് സമീപമുള്ള സിപാസ് ഹെഡ് ഓഫീസിൽ നിന്നും പ്രവർത്തി സമയങ്ങളിൽ ലഭ്യമാകുന്നതാണ്

ഡയറക്ടർ

സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ്

Draft #45 of File 4890/2019/CPAS HO Approved by DIRECTOR on 14-Nov-2022 11:55 AM - Page 2

* This is a computer system (Digital File) generated letter. Hence there is no need for a physical signature.

Draft #45 of File 4890/2019/CPAS HO Approved by DIRECTOR on 14-Nov-2022 11:55 AM - Page 3

Draft #45 of File 4890/2019/CPAS HO Approved by DIRECTOR on 14-Nov-2022 11:55 AM - Page 4